# വിശന്നിരിക്കുക, വിഡ്ഢിയായിരിക്കുക

ലോകത്തിലെ ഏറ്റവും ഗംഭീരമായ ഒരു സര്‍വ്വകലാശാലയിലെ വിദ്യാര്‍ത്ഥികളോട് സംസാരിക്കാന്‍ സന്ദര്‍ഭമൊരുക്കിയതിലൂടെ നിങ്ങളെന്നെ ആദരിച്ചിരിക്കുന്നു. സത്യത്തില്‍ ഒരു കോളേജില്‍ നിന്നും ബിരുദമെടുത്തവനല്ല ഞാന്‍. നിങ്ങളോടെ എന്റെ ജീവിതത്തിലെ മൂന്നു കഥകള്‍ പറയാം. അതില്‍ എന്നിലെ ഞാന്‍ ഉണ്ട്, എന്നെ ഞാനാക്കിയ ഞാന്‍ ഉണ്ട്. അത് പറയാം:

## ഒന്നാമത്തെ കഥ

ഞാന്‍ പഠിച്ച റീഡ് കോളേജിലെ വിദ്യാഭ്യാസം ഉപേക്ഷിക്കുന്നതില്‍ നിന്ന് കഥ തുടങ്ങുന്നു. എന്തിന് ഉപേക്ഷിച്ചു എന്ന ചോദ്യത്തിന് ഞാന്‍ ജനിക്കും മുമ്പുള്ള കാലമാണ് മറുപടി തരിക. ബര്‍ദു വിദ്യാര്‍ത്ഥിനിയായിരിക്കവെയാണ് അവിവാഹിതയായ എന്റെ അമ്മ ഗര്‍ഭിണിയായത്. ആരെങ്കിലും എന്നെ ദത്തെടുക്കുമോയെന്ന് അമ്മ അന്വേഷിച്ചു. കേളേജ് ബിരുദധാരിയായ ആരെങ്കിലും തന്നെ വേണമെന്നായിരുന്നു അമ്മയുടെ ആഗ്രഹവും നിബന്ധവും. അന്വേഷണം സഫലമായി. ഞാന്‍ ജനിക്കും മുന്നേ എന്നെ ദത്തെടുക്കാമെന്ന് ഒരു വക്കീലും ഭാര്യയും തയാറായി. എന്നാല്‍ ഞാന്‍ പിറന്നപ്പോള്‍ വേണ്ടത് പെണ്‍കുട്ടിയെയാണെന്ന് പറഞ്ഞ് അവര്‍ പിന്മാറി. വേയിറ്റിംങ്ങ് ലിസ്റ്റി അടുത്ത സ്ഥാനത്തുള്ള ഇപ്പോഴത്തെ എന്റെ മാതാപിതാക്കള്‍ എന്നെ സ്വീകരിച്ചു. എന്നെ ദത്തെടുത്ത ഭര്‍ത്താവ് സ്ക്കൂള്‍ വിദ്യാഭ്യാസം പോലും തികച്ചിട്ടില്ലെന്നും ഭാര്യ ബിരുദമെടുത്തിട്ടില്ലെന്നും പിന്നീടാണ് അമ്മ അറിഞ്ഞത്. എന്നെ കോളേജിലയക്കാമെന്ന് ഉറപ്പ് കിട്ടിയ ശേഷമാണ് അമ്മ എന്നെ കൈമാറിയത്.

ഇങ്ങിനെ ഞാന്‍ തുടങ്ങുന്നു. പതിനേഴ് വര്‍ഷം കഴിഞ്ഞ് ഞാന്‍ കോളേജില്‍ പോവുക തന്നെ ചെയ്തു. സ്റ്റാന്‍ഫോഡ് പോലെ ചെലവേറിയതായിരുന്നു റീഡ് കോളേജും. പാവങ്ങളായ മാതാപിതാക്കള്‍ സ്വന്തം വരുമാനം മുഴുവനും എന്റെ പഠിപ്പിനു ചെലവിടുകയായിരുന്നു. ആറുമാസത്തിനകം എനിക്ക് കഥയില്ലായ്മ ബോദ്ധ്യമായി. ജീവിതം കൊണ്ട് എന്തു ചെയ്യണമെന്ന് എനിക്കറിയില്ല. കോളേജ് വിദ്യാഭ്യാസം ഒരു വഴി തരുമെന്ന് എനിക്ക് തോന്നിയില്ല. അവരുടെ സമ്പാദ്യം മുഴുവനും ഇങ്ങിനെ ഇല്ലാതാവുന്നതിലും ഭേദം പഠിപ്പ് ഉപേക്ഷിക്കുകയാണെന്ന് എനിക്ക് തോന്നി. തിരിഞ്ഞ് നോക്കുമ്പോള്‍ ഞാന്‍ എടുത്ത ഏറ്റവും നല്ല തീരുമാനങ്ങളിലൊന്നായിരുന്നു അതെന്ന് മനസ്സിലായി.

ഉറങ്ങാന്‍ മുറിയില്ലാത്തതിനാല്‍ കൂട്ടുകാരുടെ റൂമിലെ തറയില്‍ രാത്രിയെ ഉറക്കി. കൊക്കോകോളയുടെ കാലിക്കുപ്പികള്‍ശേഖരിച്ച് തിരിച്ചേല്‍പ്പിച്ചാല്‍ കിട്ടുന്ന അഞ്ചു സെന്റ്കൊണ്ട് ആഹാരം കഴിച്ചു. ഞായറാഴ്ച രാത്രിളില്‍ ഹരേകൃഷ്ണ അമ്പലത്തില്‍ നിന്ന് സൗജന്യമായി ലഭിക്കുന്ന അന്നദാനത്തിനായി (രുചിപ്രദമായ) ഏഴു നാഴിക നടന്നു പോയി. ആ അലച്ചിലുകള്‍ എനിക്കിഷ്ടമായിരുന്നു. യാത്രകള്‍ക്കിടയില്‍ മനസ്സിലുയരുന്ന ജിജ്ഞാസകളില്‍ നിന്നും ഉള്‍തിളക്കത്തില്‍ നിന്നും ലഭിച്ച കാര്യങ്ങള്‍ പിന്നീട് എനിക്ക് ഏറെ കൂട്ടു നിന്നു. ഒരുദാഹരണം: അക്കാലത്ത് റീഡ് കോളേജില്‍ അക്ഷരമെഴുത്ത് (കാലിഗ്രാഫി) പരിശീലിപ്പിക്കുന്ന ഒരു വിഭാഗം ഉണ്ട്. രാജ്യത്തെ തന്നെ ഏറ്റവും മികച്ച കാലിഗ്രാഫി ഇന്‍സ്റ്റിറ്റ്യൂട്ടിലൊന്നായിരുന്നു അത്. എനിക്ക് കോളേജിലെ സാദാരാണ ക്ലാസുകളില്‍ കയറാന്‍ സാധിക്കാത്തത് കൊണ്ട് ആര്‍ക്കും പോകാവുന്ന കാലിഗ്രാഫി ക്ലാസ്സില്‍ ചേര്‍ന്നു. വ്യത്യസ്തമായ അക്ഷരങ്ങളുടെകോമ്പിനേഷനുകളില്‍ സംഭവിക്കുന്ന മാറ്റങ്ങള്‍, അതിലെ മനോഹാരിതകള്‍ ഒക്കെ എനിക്ക് അറിയാന്‍ കഴിഞ്ഞു. അവിടെ നിന്ന് അറിഞ്ഞ കാര്യങ്ങള്‍ എനിക്ക് ഏറെ രസകരവും പുതമയാര്‍ന്നതുമായിരുന്നു. കാലിഗ്രാഫി കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാവുമെന്ന് അന്നെനിക്ക് തോന്നിയിരുന്നില്ല. പക്ഷേ പത്തു വര്‍ഷത്തിനു ശേഷം ഞങ്ങള്‍ മക്കിന്‍ടോഷ് കമ്പ്യൂട്ടര്‍ രൂപകല്പന ചെയ്യുമ്പോള്‍ ആ പഠിച്ചതൊക്കെ എനിക്ക് പ്രയോജനമായി.

മക്കിന്‍ടോഷിലെ ഉപയോഗിച്ച ഭംഗിയുള്ള അക്ഷരങ്ങള്‍ക്കും ചിത്രങ്ങള്‍ക്കും കാരണം ആ ക്ലാസുകളായിരുന്നു. മനോഹരമായി ടൈപ്പോഗ്രാഫി ഉപയോഗിച്ച ആദ്യ കമ്പ്യൂട്ടര്‍ ആയിരുന്നു ആപ്പിള്‍. ഞാന്‍ കോളേജ് വിദ്യാഭ്യാസം ഉപേക്ഷിച്ചില്ലായിരുന്നെങ്കില്‍ കാലിഗ്രാഫി എനിക്ക് കിട്ടുമായിരുന്നില്ല. ഭാവിയെനോക്കി ജീവിതത്തിന്റെ ജയപരാജയങ്ങള്‍ നിര്‍വചിക്കാനാവില്ല എന്ന് ഞാന്‍ വിശ്വസിക്കുന്നു. ഏറെ കാലത്തിനു ശേഷം തിരിഞ്ഞു നോക്കുമ്പോഴാണ് നമ്മില്‍ തിരിച്ചറിവുകള്‍ ഉണ്ടാവുന്നത്.

## രണ്ടാമത്തെ കഥ

ഇനി രണ്ടാം കഥ പറയാം. ആ കഥ പ്രണയത്തിന്റേയും നഷ്ടപ്പെടലിന്റേയുമാണ്. ഞാന്‍ ഭാഗ്യവാനായിരുന്നു. ഇഷ്ടമുള്ളത് ചെയ്യാന്‍ ചെറുപ്പത്തിലേ അവസരം കിട്ടി. ഇരുപത് വയസ്സായിരിക്കുമ്പോഴാണ്, ഞാനും വോസും കൂടി എന്റെ മാതാപിതാക്കളുടെ ഗാരേജില് ആപ്പിള് തുടങ്ങുന്നത്. ഞങ്ങളുടെ കഠിന പരിശ്രമം പത്ത് വര്‍ഷത്തി

നുള്ളിൽ ആപ്പിളിനെ 20 ലക്ഷം ഡോളറിന്റെ ആസ്തിയുള്ള, 4000 ജോലിക്കാരുള്ള ഒരു വമ്പൻ കമ്പനിയാക്കി. എനിക്ക് 29 വയസ്സുള്ളപ്പോഴാണ് ഞങ്ങളുടെ വമ്പൻ കണ്ടെത്തലായ മക്കിന് പുറത്ത് വന്നത്. ആ നേരം എന്നെ ജോലിയിൽ നിന്ന് പിരിച്ചു വിട്ടു. നിങ്ങള് സ്ഥാപിച്ച നിങ്ങളുടെ കമ്പനിയിൽ നിന്ന് നിങ്ങളെ എങ്ങനെയാണ് പിരിച്ചു വിടുക?

ആപ്പിൾ വളന്നപ്പോൾ എനിക്കൊപ്പം പ്രവൃത്തിക്കാനായി കാര്യക്ഷമനായ ഒരാളെ കൂടി നിങ്ങൾ നിയമിച്ചു. ആദ്യത്തെ വഷം പ്രശ്നമൊന്നുമുണ്ടായില്ല. പിന്നീട് ഞങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടാവുന്നു. തെറ്റിപ്പിരിയുന്നു.കമ്പനിയിലെ ഡയറക്ടറന്മാർ അയാളുടെ പക്ഷം ചേന്ന് എന്നെ പിരിച്ചു വിടുന്നു.

അങ്ങിനെ മുപ്പതം വയസ്സിൽ ഉണ്ടായിരുന്നതെല്ലാം എനിക്ക് നഷ്ടപ്പെട്ടു. ഞാൻ ആകെ തകന്ന് പോയി. എല്ലാത്തിൽ നിന്നും ഒളിച്ചോടാൻ ഞാൻ അതിതീവ്രമായി ആഗ്രഹിച്ചു. മുൻ തലമുറയിലെ വ്യവസായ സംരംഭകർക്കാകെ ഞാൻ അപമാനമുണ്ടാക്കിയെന്ന് അപകഷ്ത തോന്നി. മത്സരത്തിൽ നിന്ന് തിരിഞ്ഞോടിയതായി എനിക്കു തോന്നി. കുറച്ചു കാലത്തേക്ക് എന്ത് ചെയ്യണമെന്ന് എനിക്ക് യാതൊരു പിടിയുമില്ലായിരുന്നു.

പിന്നെ പിന്നെ ഇഷ്ടകാര്യങ്ങളിലേക്ക് ഞാൻ തിരിച്ചു വന്നു. വീണ്ടും ഒരങ്കത്തിന് ഞാൻ എന്നെ മുറുക്കി കെട്ടി. ആപ്പിളിൽ നിന്നുള്ള പുറത്താക്കല് ജിവിതത്തില് സംഭവിച്ച ഏറ്റവും നല്ല കാര്യമാണെന്ന് ഞാൻ പിന്നീട് മനസ്സിലാക്കി. ഒരു വിജയിയുടെ അഹങ്കാരത്തിന്റെ സ്ഥാനത്ത് തുടക്കക്കാരന്റെ വിനയം കൈവന്നത് പുതിയ വഴികളിലേക്ക് എന്നെ കൊണ്ടു പോയി. പിന്നെയുള്ള അഞ്ചു വഷത്തിനുള്ളിൽ ഞാൻ നെക്സ്റ്റ് എന്ന ഒരു കമ്പനിയും പിക്സർ എന്ന മറ്റൊരു കമ്പനിയും തുടങ്ങി. ആ കാലത്ത് ലൗറിനേയിൽ അനുരക്തയായി. അവളെന്റെ ജീവിത സഖിയായി.

ലോകത്തിലെ ഇദം പ്രദമായ കമ്പ്യൂട്ടർ ആനിമേറ്റഡ് ഫിലിം സ്റ്റോറി നിമ്മിച്ചു. ഇപ്പോൾ ഏറ്റവും വിജയകരമായ് പ്രവത്തിക്കുന്ന ആനിമേഷൻ സ്റ്റുഡിയോ ആണത്. സംഭവങ്ങൾ മാറി മറിയുന്നു. നെക്സ്റ്റ് ആപ്പിൾ വാങ്ങുന്നു. ഞാൻ ആപ്പിളിൽ തന്നെ തിരിച്ചെത്തുന്നു. നെക്സ്റ്റിൽ വികസിപ്പിച്ചെടുത്ത സാങ്കേതികതയാണ് ആപ്പിളിന്റെ ഇന്നുള്ള ഉയിർത്തെഴുന്നേല്പിനു കാരണം. ഞാനും ലൗറിനേയും ഇപ്പോൾ സന്തുഷ്ട കുടുംബ ജീവിതം നയിക്കുന്നു.

ആപ്പിൾ എന്നെ പുറത്താക്കിയില്ലായിരുന്നെങ്കിൽ ഇതൊന്നും സംഭവിക്കുമായിരുന്നില്ല എന്നെനിക്കുറപ്പുണ്ട്. ജീവിതം ചിലപ്പോൾ നമ്മുടെ തലയ്ക്കടിക്കുന്നു. ഒരിക്കലും വിശ്വാസം നഷ്ടപ്പെടരുത്. ഞാൻ മുന്നോട്ടു പോയത് എനിക്കിഷ്ടമായ കാര്യങ്ങൾ ചെയ്യാൻ അവസരം ലഭിച്ചതുകൊണ്ടാണ്. ഒരാൾക്ക് എന്തു ചെയ്യുന്നതിലാണ് താല്പര്യം എന്ന് കണ്ടെത്തുന്നതും അതു ചെയ്യാൻ ശ്രമിക്കുന്നതുമാണ് പ്രധാനം.

നാം ചെയ്യുന്ന പ്രവൃത്തിയെ നമ്മുടെ കാമുകിയെപ്പോലെ തീവ്രമായിത്തന്നെ സ്നേഹിക്കണം. നിങ്ങൾ ഇഷ്ടപ്പെടുന്നതെന്താണന്ന് കണ്ടെത്തും വെരെ ശ്രമിക്കുക. അന്വേഷിച്ചുകൊണ്ടിരിക്കുക. കണ്ടെത്തും വെരെ അടങ്ങിയിരിക്കരുത്.

എന്റെ മൂന്നാമത്തെ കഥ മരണത്തെക്കുറിച്ചാണ്.

## മൂന്നാമത്തെ കഥ

എനിക്ക് പതിനേഴു വയസ്സുള്ളപ്പോൾ ഞാൻ ഒരുദ്ധരണി വായിക്കുകയുണ്ടായി. അത് ഏതാണ്ട് ഇതു പോലെയായിരുന്നു. ഓരോ ദിവസവും നിങ്ങളുടെ അവസാനത്തെ ദിനമാണെന്ന് കരുതി ജീവിക്കുക. ഒരു ദിവസം നിങ്ങളുടെ ധാരണ ശരിയാവും. കഴിഞ്ഞ 33 വഷമായി ദിവസവും കണ്ണാടിയിൽ നോക്കി ചോദിക്കുന്ന ചോദ്യമിതാണ്: ഇന്ന് എന്റെ അന്ത്യമാണെങ്കിൽ ഇന്ന് ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ തന്നെയാണോ ഞാൻ ചെയ്യുക? കുറേ ദിവസമായി അല്ലാ എന്ന ഉത്തരമാണ് ലഭിക്കുന്നതെങ്കിൽ എനിക്ക് ഒരു മാറ്റം ആവശ്യമാണ്. മരണം അടുത്തിരിക്കുന്നു എന്ന ബോധമാണ് പല തെരഞ്ഞെടുപ്പുകളും നടത്താൻ എന്നെ റേപരിപ്പിക്കുന്നത്. കാരണം മരണത്തിൻ മുന്നിൽ നിങ്ങളുടെ ഭയങ്ങളും ജയാപജയങ്ങളും പ്രതീക്ഷകളും അഭിമാനവുമൊക്കെ അഴിഞ്ഞു വീഴുന്നു. മരണബോധമാണ് നഷ്ടബോധത്തിന്റെ കെണിയിൽ നിന്ന് എന്നെ രക്ഷപ്പെടുത്തുന്നത്, നിങ്ങൾ നഗ്നനായി കഴിഞ്ഞു നിങ്ങളുടെ ഹൃദയത്തിന്റെ വഴികളെ പിന്തുടരാതെ ഇരിക്കുന്നതിൽ അത്ഥമില്ല.

ഒരു കൊല്ലം മുമ്പ് എനിക്ക് ക്യാൻസർ ഉണ്ടെന്ന് കണ്ടെത്തി. പാൻക്രിയാറ്റിക് ക്യാൻസർ. പാൻക്രിയാസ് എന്താണെന്ന് പോലും എനിക്കറിയില്ലായിരുന്നു. ചികിത്സിച്ച് ഭേദപ്പെടുത്താനാവില്ലന്ന് ഡോക്ടർ പറഞ്ഞു. ആറു മാസത്തെ ആയസ്സു മാത്രമേയുള്ളു. എന്നോടു വീട്ടിൽ പോയി കാര്യങ്ങൾ ഒക്കെ നേരേയാക്കിയ ശേഷം തിരിച്ചു വരാൻ നിദ്ദേശിച്ചു. മരിക്കാൻ ഒരുങ്ങിക്കൊള്ളു, എന്നതിനു പകരമുള്ള ഡോക്ടർമാരുടെ ഭാഷയാണത്. അത്ഥം ഭാവിയുടെ വഴിയിൽ ഭാര്യയോടും മക്കളോടും നിങ്ങൾ പറയുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ അടുത്ത കുറച്ചു മാസങ്ങൾക്കുള്ളിൽ പറയുക എന്ന്. ഒരു തരം വിടവാങ്ങൽ തന്നെ. ഒരു ദിവസം മുഴുവൻ ഞാൻ രോഗവുമായി പൊരുത്തപ്പെടാൻ ശ്രമിച്ചു. വൈകുന്നേരം എന്നെ ബയോപ്സിക്ക് കൊണ്ടുപോയി. എൻ

ഡോസ്ക്കോപ്പ് തൊണ്ടയിലൂടെ കടത്തി വയറ്റിലൂടെ കുടലിലെത്തിച്ച് ഒരു സൂചി കൊണ്ട് പാൻക്രിയാസിലെ മുഴയിൽ നിന്നും കുറേ കോശങ്ങളെടുത്തു. എനിക്ക് ഉറങ്ങാനായി മരുന്ന് തന്നിരുന്നു. ഭാര്യ അടുത്തുണ്ട്. കോശങ്ങള് മൈറോസ്ക്കോപ്പിലൂടെ പരിശോധിക്കുകയായിരുന്ന ഡോക്ടർ കരയാൻ തുടങ്ങി. ഭേദപ്പെടുത്താവുന്ന അപൂർവ്വം ക്യാസർ ആണ് അതെന്ന് കണ്ടെത്തിയതിന്റെ സന്തോഷക്കണ്ണീരായിരുന്നു അത്.
എന്റെ ഓപ്പറേഷൻ നടന്നു. ഞാൻ രോഗവിമുക്തനായി. മരണം ഏറ്റവും അടുത്തു വന്നു നിന്ന സന്ദർഭമായിരുന്നു അത്. ഇതു പോലെ ഇനി കുറേ വർഷത്തേക്ക് മരണത്തെ അടുത്തറിയാനിടയില്ലന്ന് എനിക്ക് തോന്നുന്നു. അത് അതിജീവിച്ചുകൊണ്ട് മരണം ജീവിതത്തിന്റെ ഉപയോഗപ്രദവും ബുദ്ധിപരവുമായ സങ്കല്പമാണെന്ന് ഞാൻ ഉറപ്പിച്ചു പറയും. ആരും മരിക്കാൻ മോഹിക്കുന്നില്ല. സ്വർഗ്ഗത്തിൽ പോകാൻ കൊതിക്കുന്നവർ പോലും പെട്ടന്ന് മരിക്കാൻ ഇഷ്ടപ്പെടില്ല. എന്നാലും മരണം നമ്മുടെ അന്തിമവിധിയാണ്. അതിൽ നിന്നാരും രക്ഷപെട്ടിട്ടില്ല, രക്ഷപെടുകയുമില്ല. അത് അങ്ങിനെ തന്നെ ആയിരിക്കണം. ജീവിതത്തിന്റെ ഏറ്റവും വലിയ കണ്ടുപിടിത്തമാകുന്നു മരണം. അത് ജീവിതത്തിലെ മാറ്റത്തെ അടയാളപ്പെടുത്തുന്നു. പഴയതിനെ മാറ്റി പുതിയതിന് വഴി ഒരുക്കുന്നു. ഇപ്പോൾ നിങ്ങളാണ് പുതിയത്. എന്നാൽ അല്പ കാലം കൊണ്ട് നിങ്ങൾ തന്നെ പഴയതാകും. പുതിയതിന് വഴി മാറി കൊടുക്കേണ്ടി വരും. ഞാൻ അല്പം നാടകീയമായി അതിൽ ഖേദിക്കുന്നു. എന്നു വെച്ച് അത് സത്യമല്ലാതാവില്ല.
സമയം കുറച്ചേയുള്ളു. മറ്റുള്ളവരുടെ ജീവിതം ജീവിക്കാതെ സ്വന്തം ജീവിതം നേരായ രീതിയിൽ ജീവിക്കുക. അന്യരുടെ ചിന്തയുടെ ഫലങ്ങൾ നിങ്ങൾ ഭക്ഷിക്കരുത്. ആ ശബ്ദപ്രളയത്തിൽ നിങ്ങളുടെ ഉള്ളിൽ നിന്ന് ഉയരുന്ന ശബ്ദങ്ങൾ കേൾക്കാതെ പോകരുത്. ദി ഹോൾ എർത്ത് കാറ്റ്ലോഗ് എന്നൊരു പ്രസിദ്ധീകരണമുണ്ടായിരുന്നു എന്റെ ചെറുപ്പകാലത്ത്. ഞാനടങ്ങുന്ന ചെറുപ്പത്തിന്റെ ബൈബിളായിരുന്നു അത്. സ്റ്റേവോട്ട് ബ്രാൻഡ് എന്നൊരു വലിയ മനുഷ്യന് ജീവിതത്തെ കാവ്യാത്മകമായി അവതരിപ്പിച്ചുകൊണ്ട് മെൻലോ പാക്കിൽ നിന്ന് ഇറക്കിയ പുസ്തകമായിരുന്നു അത്.
കമ്പ്യൂട്ടറും ഡെസ്ക്ടോപ്പും പബ്ലീഷിങ്ങും ഒന്നുമില്ലാത്ത 1960കളുടെ അവസാനം. ടൈപ്പു റൈറ്ററും കത്രികയും പോളറോയ്ഡ് ക്യാമറയും മാത്രം ഉപയോഗിച്ച് പുറത്തിറക്കിയ കാറ്റലോഗ്. ഗൂഗിളിന്റെ പേരുപോലും കേൾക്കാത്ത കാലത്ത് ഗൂഗിളിനെപോലെ ചിട്ടയിൽ ക്രോഡീകരിച്ച് പേപ്പർ ബാക്കിൽ മുപ്പത്തഞ്ചു കൊല്ലം മുമ്പ് പുറത്തിറങ്ങിയിരുന്ന പുസ്തകം.
സ്റ്റേവാട്ടും സുഹൃത്തുക്കളും ദി ഹോൾ എത്ത് കാറ്റ്ലോഗിന്റെ ഒരുപാടു ലക്കങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. 1970ന്റെ പകുതിയോടെ ഞങ്ങളെ വിഷമപ്പെടുത്തി. ദി ഹോൾ എത്ത് കാറ്റലോഗിന്റെ അവസാന ലക്കമിറങ്ങി. ഞാൻ അന്ന് നിങ്ങളുടെ പ്രായമായിരുന്നു. അതിന്റെ പുറംചട്ടയിൽ പ്രഭാതനേരത്തുള്ള ഒരു നാട്ടിന് പൂവഴിയുടെ മനോഹരമായ ചിത്രമാണ് കൊടുത്തിരുന്നത്. താഴെ ഇങ്ങിനെ എഴുതിയിട്ടുണ്ടായിരുന്നു: വിശന്നിരിക്കു, വിഡ്ഢിയായിരിക്കുക (stay Hungry. Stay Foolish..)
അവസാനിക്കുമ്പോൾ അവക്ക് ഞങ്ങളോടു പറയാനുണ്ടായിരുന്നത് അതായിരുന്നു. ഞാൻ സ്വയം ആഗ്രഹിക്കുന്നതും അതാണ്. പുതിയ കാര്യങ്ങൾ ആഗ്രഹിക്കുന്ന നിങ്ങളോടും എനിക്ക് അതേ പറയാനുള്ളു വിശപ്പുള്ളവനായിരിക്കുക. വിഡ്ഢിയാകാതിരിക്കുക.
സ്റ്റീവ് ജോബ്സിന്റെ പ്രഭാഷണത്തിന്റെ മലയാള രൂപം.